സ്ഥലത്തുനിന്നാണ് ഞാൻ വരുന്നത്. ഈ തൊഴിലാളികൾക്കു മാത്രമുള്ള കേരളത്തിലെ ഒന്നാംകിട സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ഇരുപത്തിയഞ്ചുകൊല്ലമായിട്ട് പ്രവർത്തിച്ചു വന്നിരുന്ന ആ സംഘങ്ങളിൽപെട്ട തൊഴിലാളികൾക്ക് ഇന്ന് ആവശ്യത്തിനുള്ള ചൂരൽ ലഭിക്കുന്നില്ല. നമ്മുടെ വനങ്ങളിൽനിന്നാണ് ചൂരൽ കിട്ടിക്കൊണ്ടിരുന്നത്. പക്ഷേ അടുത്തകാലത്ത് ഗവൺമെന്റ് ചൂരൽ വെട്ടുന്ന ജോലി ഹരിജന-ഗിരിജന സംഘങ്ങൾക്ക് ഏല്പിച്ചുകൊടുത്തു. അവർ വെട്ടുന്ന ചൂരലിന്റെ നീട്ടം വേണ്ടതിനേക്കാൾ കുറവാണ്. അതുകൊണ്ട് തൊഴിലാളികൾക്ക് ജോലിചെയ്യാൻ നിവൃത്തിയില്ല. ചൂരൽത്തൊഴിലാളികൾക്ക് ആവശ്യമുള്ള ചൂരൽ വനത്തിൽനിന്നും വെട്ടിയെടുക്കുന്നതിന് സംഘത്തിന് പാസ് നൽകാൻ ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രിയുടെ ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): പഴയ കാലത്ത് ചൂരൽ അടിക്കുവാൻവേണ്ടിയാണ് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ ചൂരൽകൊണ്ട് പല കൈത്തൊഴിലുകളും ചെയ്തുവരുന്നുണ്ട്. ചൂരൽ വനവിഭവങ്ങളുടെ പട്ടികയിൽപെട്ടതാണ്. ചെറു വനവിഭവങ്ങൾ ശേഖരിക്കാനും അവ വിതരണം ചെയ്യാനും ഹരിജന-ഗിരിജന ഫെഡറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ചൂരൽ കൊടുക്കേണ്ടതും അവരാണ്. അവരുടെ പ്രവർത്തനങ്ങൾ അത്രമാത്രം വിപുലമായ തോതിൽ വളർന്നിട്ടില്ലെന്നുള്ള പരാതിയുണ്ട്. ഈ വിഷയം ഫെഡറേഷന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

(19) ഗുരുവായൂർ ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നിർമ്മാണം

ശ്രീ. പി. കെ. കെ. ബാവ : ഗുരുവായൂർക്ക് ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നൽകിയിട്ടു രണ്ടുവർഷമായി. ഗുരുവായൂർ ദേവസ്വം ഇതിനാവശ്യമായ സ്ഥലം നൽകാമെന്ന് ഏറ്റിട്ടുള്ളതാണ്. ഇതുവരെയും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അത് എത്രയും വേഗം ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിലെ എൻ. എച്ച്. 17-ൽപ്പെട്ട രണ്ടു പ്രദേശങ്ങളാണ് അകലാടി, അണ്ടത്തോട് എന്നിവ. മത്സ്യത്തൊഴിലാളികളും കർഷകരും കർഷകത്തൊഴിലാളികളും ഹരിജനങ്ങളും മറ്റ് അദ്ധ്വാനവർഗ്ഗങ്ങളും തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് അത്. ആ പ്രദേശത്തെ ആളുകൾ വെളിച്ചത്തിനായി കാത്തിരിക്കുകയാണ്. അന്ധതക്കെതിരെ പൊരുതിപ്പോന്നിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രി ആ പ്രദേശത്തെ അന്ധകാരം അകറ്റുന്നതിന് ഞങ്ങളോട് സഹകരിക്കണം, സഹായിക്കണം എന്നഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിനെ സംബന്ധിച്ചിടത്തോളം ഒരു 66 കെ. വി. സബ്സ്റ്റേഷൻ ആവശ്യമാണ്. അതിന് 1983-ൽ അംഗീകാരം നൽകി. ദേവസ്വം ബോർഡിൽനിന്നും ഒരു ഏക്കർ സ്ഥലം വിട്ടുതരാമെന്ന് സമ്മതിച്ചിട്ടുണ്ട്. അതിനാവശ്യമായിട്ടുള്ള നടപടിയും പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. അത് പൂർത്തിയായികഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

സബ്സ്റ്റേഷന്റെ പണി ആരംഭിക്കുവാൻ കഴിയും. അതുപോലെതന്നെ ലൈൻ നിർമ്മിക്കുന്നതിനുള്ള ദർഘാസുകൾ കഴിഞ്ഞ ആഗസ്റ്റിൽ ക്ഷണിച്ചെങ്കിലും ദർഘാസ് തുക കൂടിയതുകൊണ്ട് രണ്ടാമതും ദർഘാസ് വിളിക്കേണ്ടിവന്നു. അതുകൊണ്ട് അത് അംഗീകരിക്കാനുള്ള നടപടികൾ മിക്കവാറും പൂർത്തിയായിട്ടുണ്ട്. ഉദ്ദേശം പതിനഞ്ചു മാസമാണ് ലൈൻ നിർമ്മിക്കുന്നതിനുവേണ്ടി വരുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അണ്ടത്തോട് പ്രദേശം വൈദ്യുതീകരിക്കുന്നതിന് ഒരു എസ്റ്റിമേറ്റ് കൊടുത്തിട്ടുണ്ട്. അകലാട് പ്രദേശവും വൈദ്യുതീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകിക്കഴിഞ്ഞു.

(20). വളപട്ടണം-പാപ്പിനിശ്ശേരി മേഖലയിലെ മരവ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീമതി പി. ദേവൂട്ടി : കണ്ണൂർ ജില്ലയിലെ അഴീക്കോട് മണ്ഡലത്തിൽപ്പെട്ട പാപ്പിനിശ്ശേരി, വളപട്ടണം എന്നീ മേഖലയിലെ മരവ്യവസായ സ്ഥാപനങ്ങൾ ഭാഗികമായും പൂർണ്ണമായും അടച്ചിട്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ അവിടെയുള്ള തൊഴിലാളികൾ വളരെയധികം കഷ്ടപ്പെടുന്നു. ഈ വ്യവസായം ഈ തരത്തിലാകാനുള്ള കാരണം മരത്തിന്റെ ദൗർലഭ്യമാണ്. ഗവൺമെന്റ് ഡിപ്പോയിൽ കൊടുക്കുന്ന മരത്തിന്റെ വില കൂടുതലാണ്. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന മരത്തിന് നിയന്ത്രണമേർപ്പെടുത്തി. അങ്ങനെ ഈ തൊഴിലാളികൾക്ക് ഭാഗികമായും പൂർണ്ണമായും തൊഴിലില്ലാതെ വളരെക്കാലമായി കഷ്ടപ്പെടുന്ന സ്ഥിതിയാണ് ഉള്ളത്. രണ്ടായിരത്തിഅഞ്ഞൂറിൽപരം തൊഴിലാളികളും അവരെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങളും ഉണ്ട്. അതുകൊണ്ട് ഈ തൊഴിലാളികളുടെ ദുസ്ഥിതിക്കു പരിഹാരം കാണാൻ മരവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മഴക്കാലം വന്നതോടുകൂടി പൂർണ്ണമായും തൊഴിലില്ലാത്ത അവസ്ഥയാണ് ഉള്ളത്. അതുകൊണ്ട് അവർക്ക് സൗജന്യറേഷൻ വിതരണം ചെയ്യണമെന്നും ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ഇതിനുമുമ്പും ഈ കാര്യത്തെക്കുറിച്ച് ഒരു ശ്രദ്ധ ക്ഷണിക്കൽ ഉണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഫോറസ്റ്റ് കൺസർവൻസി നിയമമനുസരിച്ച് നമ്മുടെ നിയമത്തിനും മാറ്റം വന്നതിനുശേഷം വിപണിയിൽ നാലുലക്ഷം ക്യൂബിക് മീറ്റർ തടി വന്നിരുന്നത് 80,000 ക്യൂബിക് മീറ്റർ തടിയായി കുറഞ്ഞു. തന്നെയുമല്ല, ക്ലിയർ ഫെല്ലിംഗ് സമ്പ്രദായം നിറുത്തിയിരിക്കുകയുമാണ്. വിപണിയിൽ പൊതുവായി ഉണ്ടായ ഈ കുറവ് വളപട്ടണം-പാപ്പിനിശ്ശേരി പ്രദേശങ്ങളിലെ മരവ്യവസായത്തെ സാരമായി ബാധിച്ചു എന്നുള്ളത് സത്യമാണ്. തൻമൂലം വ്യവസായത്തിനുണ്ടായ മാന്ദ്യം ഇതുമായി ബന്ധപ്പെടുത്തിയാണ് മുഖ്യവനപാലകൻ റിപ്പോർട്ടിൽതന്നെ ഈ കാര്യം പറഞ്ഞിട്ടുണ്ട്. മുൻകൊല്ലങ്ങളിൽ അംഗീകൃത വർക്കിംഗ്പ്ലാനിൽ പെടുത്തിയിരുന്നു. സെലക്ഷൻ ഫെല്ലിംഗ്, ഫൈനൽ ഫെല്ലിംഗ്, ക്ലിയർ ഫെല്ലിംഗ് എന്നീ മരംമുറിക്കൽ ജോലികൾ അനുവദിച്ചിരുന്നുവെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly